(ജി) രണ്ടാംഘട്ടം 2011 മാർച്ച് 31-നും മൂന്നാംഘട്ടത്തിൽ ഭൂമി കൈമാറിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2011 ഒക്ടോബർ 31-നും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

കരമന-കളിയിക്കാവിള റോഡ് വികസനം

195 (645) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന മുതൽ കളിയിക്കാവിളവരെയുള്ള റോഡ് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മീറ്ററായാണ് വികസിപ്പിക്കുന്നത് ;

(ബി) റോഡ് വികസനം ഏത് ഘട്ടം വരെയായി ; എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ;

(സി) റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരും ; എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകുന്നത് ;

(ഡി) റോഡ് വികസനത്തിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. 30.20 മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നത്.

(ബി) റോഡ് വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടം സംഭവിക്കുന്നവർക്ക് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതാണ്.

(ഡി) റോഡ് വികസനത്തിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ആയത് നൽകുവാനായി ദേശീയപാത ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

കരമന-കളിയിക്കാവിള ദേശീയപാത വികസനം

196 (646) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ആദ്യഘട്ടമായ കരമന-വഴിമുക്ക് വരെയുള്ള സ്ഥലമേറ്റെടുക്കലിനുള്ള നടപടികൾ ഏതുഘട്ട ത്തിലാണെന്ന് അറിയിക്കുമോ ;

(ബി) കരമനമുതൽ വഴിമുക്കുവരെയുള്ള 12 കിലോമീറ്റർ നാലുവരിപാ തയാക്കുന്നതിന് എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഇത്രയും സ്ഥലം ഏറ്റെടുക്കുന്നതിന് എന്ത് തുക സ്ഥലമുടമ കൾക്ക് നൽകേണ്ടിവരും ;

(ഡി) ഏതൊക്കെ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളാണ് ഇതിനായി ഏറ്റെടുക്കേണ്ടിവരുന്നത് ;

(ഇ) ഈ സ്ഥലങ്ങളിലെ അതിരുകല്ല് സ്ഥാപിക്കാൻ ആവശ്യമായ ആർ-വൺ ഗസറ്റ് വിജ്ഞാപനം ഏതൊക്കെ വില്ലേജുകൾ പുറപ്പെടുവിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതുവരെ ഇത്തരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ;

(ജി) ഇത്തരം വിജ്ഞാപനം പുറപ്പെടുവിക്കാതെ ഈ പ്രദേശത്ത് സ്ഥലമേറ്റെടുക്കാനുള്ള കല്ലിടൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവോ ; എങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) കരമന മുതൽ വഴിമുക്കുവരെയുള്ള സ്ഥലമേറ്റെടുക്കലിനുവേണ്ടിയുള്ള കല്ലിടൽ നടപടികൾ പുരോഗമിക്കുകയാണ്.

(ബി) കരമന മുതൽ വഴിമുക്കുവരെയുള്ള 12 കിലോമീറ്റർ നാലുവരിപ്പാത ആക്കുന്നതിനുവേണ്ടി 22.50 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള തുക ജില്ലാതല പർച്ചേസ് കമ്മിറ്റിയാണ് തീരുമാനിക്കുന്നത്. അന്തിമവില നിശ്ചയിക്കപ്പെട്ടിട്ടില്ല.

(ഡി) നേമം, പള്ളിച്ചൽ, കല്ലിയൂർ, അതിയന്നൂർ, കോട്ടുകാൽ എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

(ഇ&എഫ്) ആർ-വൺ വിജ്ഞാപനം കളക്ടറാണ് പുറുപ്പെടുവിക്കേണ്ടത്. അതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(ജി) പദ്ധതി ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവൃത്തി നട ത്തപ്പെടുന്നത്. ആയതുകൊണ്ട് കല്ലിടൽ നടപടി ഇതിനകം ആരംഭിച്ചിരുന്നു.

ആലപ്പുഴ നഗരത്തിലൂടെ കടന്നുപോകുന്ന തിരദേശ ഹൈവേ

197 (647) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly